<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1783</u> <u>05-07-2022 - ൽ മറുപടിയ്ക്ക്</u>

<u>കെ.എസ്.ആർ.ടി.സി. യുടെ ടിക്കറ്റിതര വരുമാനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2021-22 സാമ്പത്തികവർഷത്തിൽ കെ. എസ്. ആർ. ടി. സി. യുടെ ടിക്കറ്റിതര വരുമാനം എത്രയായിരുന്നുവെന്നു വ്യക്തമാക്കാമോ; | (എ) | **2021-2022 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് ചെയ്യാത്ത താൽക്കാലിക കണക്കനുസരിച്ച് ടിക്കറ്റിതര വരുമാനം 128,22,39,623 രൂപയാണ്.** |
| (ബി) | ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് കെ. എസ്. ആർ. ടി. സി. സ്വീകരിച്ചിട്ടുള്ള പദ്ധതികൾ വ്യക്തമാക്കാമോ? | (ബി) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ. ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കി ലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന സ്രോത സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംങ് വിങ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിലേക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ടി വിഭാഗത്തിലൂടെ ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസുകൾ വാടകയ്ക്ക് നൽകൽ തുടങ്ങിയ പ്രവൃത്തികൾ കാര്യക്ഷമമായി നിർവ്വഹിച്ച് ടിക്കറ്റിതര വരുമാനം ഉയർത്തുന്നതിലുപരിയായി യൂണിറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ ചെറുകിട കച്ചവടങ്ങൾക്കയി പ്രതിമാസ വാടക അടിസ്ഥാനത്തിൽ അനുവദിച്ചും, Hoardings, LED display എന്നിവ പ്രദർശിപ്പിക്കുന്നതിന് വിവിധ ഏജൻസികൾക്ക് വാടക അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | അനുവദിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ